ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 28.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്ക്കരിച്ച പലിശ ഇളവ്, നിലവിലുള്ള പലിശ ഇളവോടെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. പതിനാല് ഖാരിഫ് വിളകളുടെ മിനിമം താങ്ങുവില വർദ്ധിപ്പിക്കാനും കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം.

   Union Cabinet approves continuation of Modified Interest Subvention Scheme for FY 2025-26 with existing Interest Subvention. Cabinet also approves Minimum Support Prices for Kharif Crops for Marketing Season 2025-26.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സിക്കിം, പശ്ചിമ ബംഗാൾ, ബിഹാർ, ഉത്തർപ്രദേശ് സന്ദർശനത്തിന് നാളെ തുടക്കം. നാല് സംസ്ഥാനങ്ങളിലായി 70,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   PM Narendra Modi to Begin Visit to Sikkim, West Bengal, Bihar, and Uttar Pradesh Tomorrow; to Launch Development Projects Worth ₹70,000 Crore.

3. പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ നാളെ സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടക്കും.

   Civil Defence Mock Drill to Be Held Tomorrow in Gujarat, Rajasthan, Punjab, and Jammu & Kashmir Along Pakistan Border.

4. കേരളത്തിൽ, ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത.

**Heavy Rain and Strong Winds to Continue in Kerala, Says IMD; Red Alert Issued for Pathanamthitta, Idukki, Kannur, and Kasaragod Tomorrow.**

5. **ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യ ജീവികളെ കൊല്ലുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടാൻ വനം വന്യജീവി വകുപ്പിനെ ചുമതലപ്പെടുത്തി സംസ്ഥാന മന്ത്രിസഭ.**

**State Cabinet Authorizes Forest and Wildlife Department to Seek Centre's Approval to Cull Wild Animals Threatening Life and Property.**

## PM - VISIT TO STATES

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെയും മറ്റന്നാളുമായി സിക്കിം, പശ്ചിമ ബംഗാൾ, ബിഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കും. നാല് സംസ്ഥാനങ്ങളിലായി 70,000 കോടി രൂപയുടെ വികസന പദ്ധതി കൾക്ക് തുടക്കം കുറിക്കും. ഗാങ്ടോക്കിൽ സിക്കിം രൂപീകരണത്തിൻറെ 50 ആം വാർഷികാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നാളെ പങ്കെടുക്കും. തുടർന്ന് പശ്ചിമ ബംഗാൾ സന്ദർശിക്കുന്ന പ്രധാനമന്ത്രി അലിപുർദുവാർ, കൂച്ച് ബെഹാർ ജില്ലകളിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയ്ക്ക് തുടക്കം കുറിക്കും. തുടർന്ന് ബിഹാറിലെത്തുന്ന ശ്രീ മോദി, നാളെ വൈകുന്നേരം പട്ന വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ ഉദ്ഘാടനം ചെയ്യും. പട്നയിൽ നടക്കുന്ന റോഡ്ഷോയിലും അദ്ദേഹം പങ്കെടുക്കും. മറ്റന്നാൾ ബിഹാറിലെ കാരാകാട്ടിൽ 48,520 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. തുടർന്ന് ഉത്തർ പ്രദേശിലെ കാൺപൂരിൽ 20,900 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

## UNION CABINET (INTRO)

നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച പലിശ ഇളവ് പദ്ധതി നിലവിലുള്ള 1.5 ശതമാനം പലിശ ഇളവ് സഹിതം തുടരുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി കർഷകർക്ക് 3 ലക്ഷം രൂപ വരെ, 7 ശതമാനം സബ്സിഡി പലിശ നിരക്കിൽ ഹ്രസ്വകാല വായ്പ ലഭിക്കും. മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയ്ക്ക് മാത്രമായി എടുക്കുന്ന വായ്പകൾക്ക് 2 ലക്ഷം രൂപ വരെ പലിശ

ആനുകൂല്യവും ലഭിക്കും. 2025-26 ലെ വിപണന സീസണിൽ 14 ഖാരിഫ് വിളകൾക്കുള്ള മിനിമം താങ്ങുവിലയ്ക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഇതിലൂടെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനാകുമെന്ന് ന്യൂഡൽഹിയിൽ മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്....)
മഹാരാഷ്ട്രയിലും മധ്യപ്രദേശിലും റെയിൽവേയുടെ രണ്ട് മൾട്ടിട്രാക്കിംഗ് പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ആന്ധ്രാപ്രദേശിലെ ദേശീയപാത - 67 ൽ 3653 കോടി രൂപ ചെലവിൽ 108.134 കിലോമീറ്റർ നീളമുള്ള നാലുവരി ബദ്‌വേൽ-നെല്ലൂർ ഇടനാഴിയുടെ നിർമ്മാണത്തിനും മന്ത്രിസഭാ യോഗത്തിൻറെ അനുമതി ലഭിച്ചു.

## ALL PARTY DELEGATION

ഭീകരവാദത്തിനെതിരെ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി പാർലമെൻറംഗങ്ങളുടെ നേതൃത്വത്തിൽ, സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശപര്യടനം തുടരുന്നു. ലോക നേതാക്കളുമായും, പൗരപ്രമുഖരുമായും, മാധ്യമ പ്രതിനിധികളുമായും സംഘം കൂടിക്കാഴ്ചകൾ നടത്തുന്നുണ്ട്. ജെഡിയു എംപി സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്ന് ഇന്തോനേഷ്യ യിലെത്തി. ശിവസേന എംപി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം സിയറ ലിയോണിലേക്ക് പുറപ്പെട്ടു. അതേസമയം, ബിജെപി എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം റോമിലും കോൺഗ്രസ് നേതാവ് ശശി തരൂരിന്റെ നേതൃത്വത്തി ലുള്ള സംഘം പനാമയിലും എൻസിപി എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സംഘം ദക്ഷിണാഫ്രിക്കയിലും ഡിഎംകെ അംഗം കനിമൊഴിയുടെ നേതൃത്വത്തിലുള്ള സംഘം ഗ്രീസിലും പര്യടനം നടത്തുകയാണ്.

## MOCK DRILL

പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ നാളെ സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടക്കും. ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലാണ് മോക്ക് ഡ്രിൽ. അടിയന്തര

സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പരിശീലനം ഇതിൻറെ ഭാഗമായി നൽകും. വിവിധ മത സംഘടനകൾ, സർക്കാർ വകുപ്പുകൾ, എൻസിസി കേഡറ്റുകൾ, എൻഎസ്എസ് വളണ്ടിയർമാർ തുടങ്ങിയവർ മോക്ക് ഡ്രില്ലിൻറെ ഭാഗമാകും.

✪✪✪✪✪✪✪✪✪✪

## RAIN

കേരളത്തിൽ അടുത്ത 5 ദിവസം വ്യാപക മഴയും ശക്തമായ കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, വയനാട് ജില്ല കളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

✪✪✪✪✪✪✪✪✪✪

## RAIN OTHER DETAILS

സംസ്ഥാനത്ത് വ്യാപകമായി തുടരുന്ന മഴയിലും കാറ്റിലും വൈദ്യുതി വിതരണ സംവിധാനത്തിന് 60 കോടിയോളം രൂപയുടെ നാശനഷ്ട മുണ്ടായതായി കെ എസ് ഇ ബി. പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ മലയോര മേഖലകളിലേക്കുമുള്ള രാത്രി യാത്രയ്ക്കും കുട്ട വഞ്ചി സവാരി ഉൾപ്പെടെയുള്ള വിനോദ സഞ്ചാരത്തിനും ജൂൺ ഒന്നു വരെ നിരോധനം ഏർപ്പെടുത്തി. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു.

✪✪✪✪✪✪✪✪✪✪

## STATE CABINET

നവകേരള സദസ്സിന്റെ ഭാഗമായി ആസൂത്രണം ചെയ്ത വികസന പദ്ധതികൾക്കായി 982 കോടി രൂപ അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഓരോ നിയമസഭാ മണ്ഡലത്തിലും പരമാവധി ഏഴ് കോടി രൂപ വീതമാണ് അനുവദിക്കുക. മലപ്പുറം ജില്ലയുടെ കാര്യത്തിൽ അറിയിപ്പ് പിന്നീട് ഉണ്ടാകും. ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യ ജീവികളെ കൊല്ലുന്നതിന് കേന്ദ്ര സർക്കാരിന്റെ

അനുമതി തേടാൻ വനം വന്യജീവി വകുപ്പിനെ മന്ത്രിസഭ ചുമതല പ്പെടുത്തി. കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിനുള്ള സർക്കാർ ഉത്തരവുകളുടെ കാലാവധി ഒരുവർഷത്തേക്ക് കൂടി ദീർഘിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

## BYELECTION-NILAMBUR

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി നിർണയ ചർച്ചകൾ ഊർജ്ജിതം. യുഡിഎഫ് സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട് പി വി അൻവർ ഉന്നയിച്ച വിഷയം സംസ്ഥാന നേതാക്കളുമായി സംസാരിക്കുമെന്ന് എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണു ഗോപാൽ അറിയിച്ചു. സിപിഐഎം സ്ഥാനാർത്ഥി പ്രഖ്യാപനം വെള്ളിയാഴ്ച ചേരുന്ന സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിന് ശേഷം നടക്കും. ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് സംബന്ധിച്ച് BDJS നുള്ളിൽ വ്യത്യസ്ത അഭിപ്രായം ഉയർന്നതായി പാർട്ടി സംസ്ഥാന അധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. അടുത്ത മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്.

## SAJI CHERIYAN ( INTRO)

അറബിക്കടലിൽ മുങ്ങിയ കപ്പലിൽ നിന്നും കണ്ടെയ്നറുകൾ വീണതുമായി ബന്ധപ്പെട്ട് ആശങ്കകൾ വേണ്ടെന്ന് മന്ത്രി സജി ചെറിയാൻ. കടലിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രശ്നവും ഉണ്ടാകില്ലെന്നും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകളിൽ തെറ്റിദ്ധരിക്കപ്പെടരുതെന്നും മന്ത്രി പറഞ്ഞു.
(വോയിസ്....)

## CONTAINER IN KERALA COAST

കേരള തീരത്ത് കപ്പൽ മുങ്ങിയ സംഭവത്തിൽ എണ്ണ മലിനീകരണ സാധ്യത തടയുന്നതിന് കൊച്ചിയിൽ വിദഗ്ധ സംഘത്തെ നിയോഗിച്ചതായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം. എണ്ണ ചോർച്ച സംഭവിച്ചിട്ടില്ലെന്നും കണ്ടെത്തിയ ഇന്ധനത്തിൻ്റെ അംശം ഉടൻ നീക്കം ചെയ്യുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. കടലിൽ വീണ കണ്ടയ്നറുകൾ വീണ്ടെടുക്കാനും എണ്ണയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനും 108

ഉദ്യോഗസ്ഥരുടെ സംഘത്തെ തീരത്ത് വിന്യസിച്ചതായി കേന്ദ്ര സർക്കാരിൻറെ നോട്ടിക്കൽ ഉപദേഷ്ടാവ് ക്യാപ്റ്റൻ അബുൽ കലാം ആസാദ് കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 7 സ്ഥലങ്ങളിലായി അൻപതോളം കണ്ടെയ്നറുകളാണ് കണ്ടെത്തിയത്.

✡✡✡✡✡✡✡✡✡✡

## IPL

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു നാളെ പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. വെള്ളിയാഴ്ച നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

✡✡✡✡✡✡✡✡✡✡

## BADMINTON-SINGAPORE OPEN

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റണിൽ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യത്തിന് വിജയം. മലേഷ്യൻ ജോഡിയെയാണ് ഇരുവരും പരാജയപ്പെടുത്തിയത്. മിക്സഡ് ഡബിൾസിൽ, രോഹൻ കപൂറും റുത്വിക ശിവാനി ഗാഡ്ഡെയും പ്രീ-ക്വാർട്ടറിൽ കടന്നു. അതേസമയം, പുരുഷ സിംഗിൾസിൽ ആദ്യ റൗണ്ട് പോരാട്ടത്തിനുശേഷം ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് ലക്ഷ്യ സെൻ പിന്മാറി.

✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡
✡✡✡